# അക്കാദമിക മാസ്റ്റർപ്ലാൻ

# മാർഗരേഖ

# മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) സ്വരാക്ഷരങ്ങൾ, വ്യഞ്ജനാക്ഷരങ്ങൾ, ചില്ലക്ഷരങ്ങൾ, കൂട്ടക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവ ഉറപ്പിച്ചുകൊണ്ട് എഴുത്തും വായനയും പരിശീലിപ്പിക്കുക. | 1) ഓരോ ദിവസവും നിശ്ചിത എണ്ണം വാക്കുകൾ എഴുതിക്കുകയും അതിലെ തെറ്റുകൾ സ്വയം തിരിച്ചറിഞ്ഞ് ശരിയാക്കാൻ സഹായിക്കുകയും ചെയ്യുന്നു.<br><br>2) പദകേളി നടത്തുന്നു | ജൂൺ | മലയാളം അധ്യാപകർ |
| 2) അർത്ഥ പൂർണ്ണമായ വായന ഉറപ്പുവരുത്തുന്നു. | 3) അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകളുപയോഗിച്ച് പദങ്ങളും വാക്യങ്ങളും നിർമ്മിക്കുകയും വായിക്കുകയും ചെയ്യാൻ അവസരങ്ങൾ ഒരുക്കുന്നു.<br><br>4) നവമാധ്യമങ്ങളുടെ സഹായത്താൽ സ്ക്രീനിൽ തെളിയുന്ന വാക്യങ്ങൾ,കഥകൾ, വാർത്തകൾ മുതലായവ വായിക്കുന്നു.<br><br>5) ക്ലാസ് ലൈബ്രറി കൂടുതൽ സജീവമായി പ്രയോജനപ്പെടുത്തുന്നു. വായിക്കുവാൻ അവസരം നൽകി വായിച്ച പുസ്തകങ്ങളുടെ വായനക്കുറിപ്പ് എഴുതിക്കുന്നു. വായിച്ച പുസ്തകങ്ങളെ അടിസ്ഥാനമാക്കി ക്വിസ് നടത്തുന്നു. | ജൂൺ | മലയാളം അധ്യാപകർ |

| മലയാളം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 3) സാഹിത്യാഭിരുചി വളർത്തുന്നു. | 6) വായന വാരാചരണത്തിന്റെ ഭാഗമായി വായനയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് സാഹിത്യകൃതികൾ പരിചയപ്പെടുത്തുകയും ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യുകയും ചെയ്യുന്നു. | ജൂൺ | മലയാളം അധ്യാപകർ |
| 4) എഴുത്തും വായനയും ഉറപ്പിക്കുന്നു.<br><br>5) മലയാളത്തിലെ പ്രമുഖ സാഹിത്യ കാരന്മാരെ അടുത്തറിയുന്നു. | 7) അക്ഷരങ്ങൾ നൽകിക്കൊണ്ട് ചിഹ്നങ്ങൾ ചേർത്ത് എഴുതാവുന്ന പരമാവധി വാക്കുകൾ എഴുതിക്കുന്നു.<br><br>8) സാഹിത്യകാരന്മാരെ അടുത്തറിയാനുള്ള സാഹചര്യം ഐ സി ടി സാധ്യത ഉപയോ ഗിച്ച് ക്ലാസ്സിൽ ഒരുക്കുന്നു. | ജൂലൈ | മലയാളം അധ്യാപകർ |
| 6)പ്രകൃതിസ്നേഹം വളർത്തുക.<br><br>7) കുട്ടികളുടെ കലാവാസനകളെ പരിപോഷിപ്പിക്കുക | 9) കേരള സംസ്കാരത്തിന്റെ ഭാഗമായ വ്യത്യസ്ത തരം പൂക്കൾ ശേഖരിച്ച് 'പുഷ്പ മേള' സംഘടിപ്പിക്കുന്നു.<br><br>10) പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ചൊൽ ക്കാഴ്ചകൾ, ലഘുനാടകങ്ങൾ തുടങ്ങിയവ സ്കൂൾ അസംബ്ലിയിൽ അവതരിപ്പിക്കാൻ അവസരം നൽകുന്നു. | ഓഗസ്റ്റ് | മലയാളം അധ്യാപകർ |

## മലയാളം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 8) വാർത്ത അവതരണ മികവ് വർദ്ധിപ്പിക്കുന്നു. | 11) ഓരോ ആഴ്ചയിലെയും സ്കൂളിലെ പ്രധാനപ്പെട്ട വാർത്തകൾ/ സംഭവങ്ങൾ അസംബ്ലിയിൽ വാർത്തയായി വായിക്കുന്നു. | | ക്ലാസ് ലീഡർമാർ, അധ്യാപകർ |
| 9) വായിച്ചും നിരീക്ഷിച്ചും കണ്ടെത്തിയ ആശയങ്ങൾ ഉചിതമായ സന്ദർഭങ്ങളിൽ ആവിഷ്കരിക്കുന്നു. | 12) ചാനൽ ചർച്ച | സെപ്റ്റംബർ | മലയാളം അധ്യാപകർ |
| 10) പ്രമുഖ സാഹിത്യകൃതികളെ മുഴുവൻ കുട്ടികൾക്കും പരിചയപ്പെടുത്തുന്നു. | 13) ആസ്വാദനക്കുറിപ്പ് അവതരണം | ഒക്ടോബർ | |
| 11) സാഹിത്യത്തിലെ കാവ്യ മേഖലയെ അടുത്തറിയൽ | 14) കവിയരങ്ങ്<br>15) കവിതാലാപനം | നവംബർ | മലയാളം അധ്യാപകർ |
| 12) സർഗാത്മകശേഷി വളർത്തുന്നു. | 16) പാഠ്യപദ്ധതിയിലെ ആനുകാലിക പ്രാധാന്യമുള്ള കാവ്യഭാഗം ദൃശ്യ രൂപത്തിൽ ആവിഷ്കരിക്കുന്നു.<br>17) പാഠഭാഗവുമായി ബന്ധപ്പെട്ട വാങ്മയ ചിത്രങ്ങളെ വർണ്ണ ചിത്രങ്ങളാക്കി പ്രദർശിപ്പിക്കുന്നു. | ഡിസംബർ | |
| 13) വിവിധ വ്യവഹാര രൂപങ്ങളിൽ സർഗാത്മ ശേഷി പ്രകടിപ്പിക്കൽ | 18) ഡിജിറ്റൽ പതിപ്പ്<br>19) മാഗസിൻ നിർമ്മാണം | ജനുവരി | വിദ്യാർത്ഥി പ്രതിനിധികൾ |

## ENGLISH

| AIMS | ACTIVITIES | DURATION | DUTY |
|---|---|---|---|
| 1.To improve listening skill | Listening to poems (ICT)<br>* Skit<br>* Conversation<br>* Watching English movies documentaries, interviews, English news channels | June to August | Class teacher, English teachers |
| 2.To improve speaking skill | 2. English assembly<br>.English day celebration<br>Speech on different topic<br>Conducting quiz competition<br>Give instructions<br><br>* Library<br>* Reading corner in the class<br>* Newspaper reading .<br>* Picture reading<br>* Reading sign boards and posters<br>.Using reading materials effectively<br>.Wall magazine<br>.Self dictionary and poster making<br>.English magazine<br>.Designing invitation cards, posters and greeting cards<br>.Writing stories and speech | August to November | Class teachers, English teachers |

| ENGLISH | | | |
|---|---|---|---|
| **AIMS** | **ACTIVITIES** | **DURATION** | **DUTY** |
| | .Handwriting competition<br>.Spell bee competition<br>.Diary writing<br>.Making riddles and puzzles | | |
| 3.To improve reading skill | *Using the library book<br>*English reading competition<br>*Newspaper reading<br>*Using reading materials effectively<br>*Picture reading<br>*Poster, sign board, notices.<br>*Conducting quiz competition | December to January | Class teachers,<br>English teachers |
| 4. To improve writing skill | * Wall Magazine,<br>* Newspaper preparation<br>*Story writing<br>*Diary writing<br>*Poster making<br>*Script writing<br>*Dictionary writing<br>*Designing greeting and invitation cards<br>*Handwriting competitions<br>*Making riddles and puzzles<br>*Editing different discourses | January to February | Class teachers,<br>English teachers |

# ഹിന്ദി

**പൊതുവായ ലക്ഷ്യങ്ങൾ**

* സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
* ഹിന്ദി ഭാഷാപഠനം ലളിതവും, രസകരവും ആകർഷകവും ആക്കി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
* ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കുക.
* ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠനപ്രവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| അക്ഷരം, ചിഹ്നം തുടങ്ങിയവ തിരിച്ചറിയാൻ പരിശീലിപ്പിക്കുന്നു. ഉച്ചാരണം പരിചയ പ്പെടുത്തുന്നു. | അക്ഷരങ്ങൾ ഉറക്കെ വായിച്ചു കൊണ്ട് എഴുതിക്കുന്നു .<br>വിവിധ വർക്ക്ഷീറ്റുകൾ നൽകി ചിഹ്നം ചേർക്കൽ, ഉച്ചാരണം പരിശീലിപ്പിക്കുന്നു.<br>പ്രേംചന്ദ് ജയന്തിയോടനുബന്ധിച്ച് ടെലിഫിലിം കാണാൻ അവസരം നൽകുന്നു. | ജൂൺ – ജൂലൈ | അദ്ധ്യാപിക |
| ആഴ്ച്ചയുടെ പേരുകൾ, എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | ഓരോ ദിവസത്തേയും തിയ്യതി ഹിന്ദിയിൽ എഴുതുവാൻ പറയുന്നു. വർക്ക് ഷീറ്റുകൾ നൽകുന്നു. | ആഗസ്ത് | |
| സാഹിത്യാഭിരുചി വളർത്തുക, ഹിന്ദിവാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു. . | പദ്യം ചൊല്ലൽ, കഥ, കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | സെപ്റ്റംബർ – ഒക്ടോബർ | |

# ഹിന്ദി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു. | കേട്ടെഴുത്ത്, പദസൂര്യൻ, പ്രശ്നോത്തരി എന്നിവ നൽകുന്നു. ചിത്രകഥ, കാർട്ടൂൺ, ചെറുകവിതകൾ തുടങ്ങിയവ വായന യ്ക്കായി നൽകുന്നു. | നവംബർ – ഡിസംബർ | അദ്ധ്യാപിക |
| സർവ്വനാമം, വിശേ ഷണം എന്നിവ മനസ്സിലാക്കു ന്നു. വാക്യഘടന പരിചയപ്പെ ടുത്തുന്നു. | സർവ്വനാമം, വിശേഷണം എന്നിവ കണ്ടത്തു വാൻ പറയുന്നു.<br>സുരീലി പ്രവർത്തനങ്ങൾ | ജനുവരി – ഫെബ്രുവരി | |

| പ്രവർത്തി പഠനം (സയൻസ് ) | | | |
|---|---|---|---|
| **ലക്ഷ്യം** | **പ്രവർത്തനങ്ങൾ** | **കാലം** | **ചുമതല** |
| 1) അത്ഭുത കണ്ണിലൂടെ : കൗതുകം , ജിജ്ഞാസ , നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കുക. | ലഘുപരീക്ഷണങ്ങൾ സഹപാഠികളുടെ മുൻപിൽ കുട്ടികൾ തന്നെ കാണിച്ചു കൊടു ക്കുവാനുള്ള അവസരം നൽകുന്നു. പാഠ പുസ്തകവുമായി ബന്ധപ്പെട്ട് വസ്തുക്കളുടെ പ്രദർശനം. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| 2) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക , ശാസ്താവബോധം വളർത്തുക. | ശാസ്ത്ര വിസ്മയ ചുമർ : ശാസ്ത്രപാഠഭാഗവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രദർശിപ്പിക്കാൻ ഓരോ ക്ലാസിലും ശാസ്ത്ര വിസ്മയ ചുമർ നിർമ്മിക്കുന്നു. | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |
| 3) ചാന്ദ്രദിനാചരണം : ബോധവൽക്കരണം | ശാസ്ത്രദിനാചരണങ്ങളുടെ പിന്നിലെ ശാസ്ത്ര സത്യങ്ങൾ തിരിച്ചറിയുന്നതിന് സഹായിക്കുന്ന പ്രസംഗം കവിത അവതരണം | ജൂലൈ | ശാസ്ത്ര അധ്യാപകർ |
| 4) ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | പരീക്ഷണ കളരി : നിത്യജീവിതത്തിൽ പരിചിതമായ വസ്തുക്കൾ ഉപയോഗപ്പെടുത്തി രസകരമായ ലഘു പരീക്ഷണങ്ങളിലൂടെ ശാസ്ത്ര പഠനം നടത്തുന്നു. (സോപ്പ് നിർമ്മാണം , മെഴുകുരൂപങ്ങളുടെ നിർമ്മാണം) | ഓഗസ്റ്റ് | ശാസ്ത്ര അധ്യാപകർ |

## പ്രവർത്തി പഠനം (സയൻസ് )

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 5) ശാസ്ത്രപ്രദർശനം | പഠന പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച ഉൽപന്നങ്ങളുടെ പ്രദർശനവും– ശാസ്ത്ര–നൂതന അറിവുകൾ കണ്ടെത്തുന്നു. | സെപ്റ്റംബർ– ഒക്ടോബർ | ശാസ്ത്ര അധ്യാപകർ |
| 6) ഫീൽഡ് ട്രിപ്പ് : നിരീക്ഷണപാടവം പരിപോഷിപ്പിക്കുക. | ശാസ്ത്രവുമായി ബന്ധപ്പെട്ട വിഷയങ്ങളിലെ നിലവാരം മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള പ്രവർത്തനം | സെപ്റ്റംബർ– ഒക്ടോബർ | ശാസ്ത്ര അധ്യാപകർ |
| 7) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ശാസ്ത്രബോധം വളർത്തുക. | ശാസ്ത്രോത്സവം: ആധുനികശാസ്ത്ര ലോകത്തിന്റെ വിവിധ കണ്ടെത്തലുകൾ അടങ്ങിയ പരീക്ഷണങ്ങൾ ഉൾപ്പെടുത്തി സ്കൂൾതല ശാസ്ത്രോത്സവം സംഘടിപ്പിക്കുന്നു. | .ഒക്ടോബർ | ശാസ്ത്ര അധ്യാപകർ |
| 8) ക്വിസ് മത്സരം : ഓസോൺ ദിനാചരണം | ശാസ്ത്ര അറിവും അവബോധവും വർദ്ധിപ്പിക്കാനും നേടിയ അറിവുകൾ പ്രകടമാക്കാനും ഉള്ള അവസരം | സെപ്റ്റംബർ– ഒക്ടോബർ | |
| 9) ഊർജ്ജ സംരക്ഷണം : ബോധവൽക്കരണം | നിത്യജീവിത സാഹചര്യങ്ങളിൽ ഊർജ്ജം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും അതിനുള്ള മാർഗങ്ങളും തിരിച്ചറിഞ്ഞ് പ്രാവർത്തികമാക്കുക | ഡിസംബർ | ശാസ്ത്ര അധ്യാപകർ |

| പ്രവർത്തി പഠനം (സയൻസ് ) | | | |
| --- | --- | --- | --- |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 10) ശാസ്ത്ര പ്രക്രിയ ശേഷി വികസിപ്പിക്കുക ശാസ്ത്രാവബോധം വളർത്തുക | യുറേക്ക: കുട്ടികളിൽ ശാസ്ത്രാവബോധം വളർത്തുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി തയ്യാറാക്കുന്നു | അക്കാദമിക വർഷം | ശാസ്ത്ര അധ്യാപകർ |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം നടത്തുക. സാമൂഹ്യശാസ്ത്ര അടിസ്ഥാനതല അറിവുകൾ, ആശയങ്ങൾ, ഇവ പരിശോധിക്കൽ നേടിയെടുക്കൽ | * സാമൂഹ്യശാസ്ത്ര ലാബ ക്രമീകരണം.<br>* വാർത്താ വായന മത്സരം സംഘടിപ്പിച്ച് കുട്ടികളെ തെരഞ്ഞെടുത്ത് അവർക്ക് പരിശീലനം നടത്തുന്നു.<br>* കളിക്കാം, രസിക്കാം, പഠിക്കാം സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട് ഓരോ കുട്ടിയുടെയും അടിസ്ഥാനതല അറിവ് പരിശോധിക്കുന്നതിന് വേണ്ടിയുള്ള അവസരം ഓരോ പഠിതാവിനും നൽകുന്നു. | അക്കാദമിക വർഷാരംഭം | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 2. ജനാധിപത്യം ഒരു ജീവിതശൈലി ആക്കി മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം എന്നിവ വളർത്തുക. | ഒന്നായി നമ്മൾ<br>സ്കൂൾ പാർലമെന്റ് ഇലക്ഷൻ പ്രകടന പത്രിക, പ്രചാരണം ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ്, പാർലമെന്റ് രൂപീകരണം. | ജൂലൈ | |
| 3. പഠിതാക്കളെ ചരിത്ര അവബോധം ഉള്ളവരാക്കി ചരിത്രബോധത്തിൽ നിന്ന് ഭാവി രൂപപ്പെടുത്തുക | ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് പഠനയാത്ര സംഘടിപ്പിക്കുന്നു. ജെയിൻ ടെമ്പിൾ, ലൈറ്റ് ഹൗസ്, രവി കരുണാകരൻ മ്യൂസിയം, ഹിരോഷിമ നാഗസാക്കി ദിനാചരണ അവബോധന പ്രവർത്തനങ്ങളും സ്വാതന്ത്ര്യദിനാഘോഷ പ്രവർത്തനങ്ങളും സംഘടിപ്പിക്കുന്നു. | ഓഗസ്റ്റ് | |

| സാമൂഹ്യശാസ്ത്രം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| | ക്വിസ്, പതാക നിർമ്മാണം, പോസ്റ്റർ നിർമ്മാണം, സമാധാന സന്ദേശ സൈക്കിൾ റാലി. | | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 4. മതേതരത്വം, സഹിഷ്ണുത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനങ്ങളിലൂടെ വളരുക. | പ്രോജക്റ്റ്, ചർച്ചകൾ, സംവാദം, ക്ലാസുകൾ അസൈൻമെന്റുകൾ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു. | സെപ്റ്റംബർ | |
| 5. വ്യത്യസ്ത ജനം മണ്ണിനെക്കുറിച്ചും ജലാശയങ്ങളെക്കുറിച്ചും സമുദ്രങ്ങൾ, കാറ്റുകൾ, പർവതങ്ങൾ ഇവയെല്ലാം പരിചയപ്പെടുത്തുക. | ചരിത്ര കൊട്ടാരം<br>വിവിധ മേഖലകളെ കുറിച്ച് കുട്ടികളിൽ അവബോധം സൃഷ്ടിക്കുന്ന ചരിത്ര വസ്തുക്കൾ (ഐസിടി) കണ്ടും കേട്ടും പഠനം ഹരം ആക്കി മാറ്റുന്നു. | ഒക്ടോബർ | |
| 6. ഭൂപട വായന കുട്ടികളിൽ വളർത്തുക സ്ഥല നിർണയം നടത്തുവാൻ പഠിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുക. | പട്ടുപാതയിലൂടെ<br>* ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു.<br>* ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു.<br>* മാപ്പുകൾ ഗ്ലോബ് എന്നിവ പരിചിതമാക്കുകയും അറ്റ്ലസ് നിർമ്മാണം ചാർട്ടുകൾ തയ്യാറാക്കൽ എന്നിവയും ചെയ്യുന്നു. | നവംബർ | |

# സാമൂഹ്യശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 7. പ്രകൃതി ദുരന്തങ്ങളെക്കുറിച്ച് മനസ്സിലാക്കി സുരക്ഷാ മുൻകരുതലുകളെ പറ്റി ബോധവാന്മാരാക്കുന്നു. | ഭൂകമ്പം, സുനാമി, കൊടുങ്കാറ്റ്, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ എന്നിവയുടെ ജനകമായ ദൃശ്യങ്ങളിലൂടെ പ്രകൃതി ദുരന്തങ്ങളുടെ തീവ്രത പരിപാലിക്കേണ്ട മുൻകരുതലുകൾ, എന്നിവയെപ്പറ്റി ബോധവാന്മാരാക്കുന്നതിന് ഡോക്യുമെന്ററി പ്രദർശനം. | വർഷത്തിൽ ഒരു തവണ | സാമൂഹ്യശാസ്ത്ര അധ്യാപകർ |
| 8. സാമൂഹ്യശാസ്ത്ര നൂതന അറിവുകൾ, കണ്ടെത്തലുകൾ, പ്രദർശനം. | സോഷ്യൽ സയൻസ് ഫെസ്റ്റ്, പഠന പ്രവർത്തനങ്ങളുടെ ഭാഗമായി നിർമ്മിച്ച ഉത്പന്നങ്ങളുടെ പ്രദർശനവും അവതരണവും, ശേഖരണം, മോഡൽസ് . | ഡിസംബർ | |

| ഗണിതം | | | |
|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 1. ആശയധാരണ കൈവരിക്കൽ (ക്രിയകൾ ചെയ്യാനുള്ള കഴിവ്, നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ടെസ്റ്റ് നടത്തി കുട്ടികളെ തരംതിരിക്കൽ. ഇൻസ്ട്രമെന്റ് ബോക്സ് ഉപയോഗിച്ചുള്ള പ്രവർത്തനം. | ജൂൺ ആദ്യവാരം | അധ്യാപകർ |
| 2. ഗണിതാശയങ്ങളിൽ നിന്നും ഉടലെടുക്കുന്ന ഗണിത രൂപങ്ങൾ, അളവുകൾ, നിർമ്മിതികൾ | ഗണിത നിഘണ്ടു, ചോദ്യ ബാങ്ക്, ക്ലബ്ബ് പ്രവർത്തനങ്ങൾ | തുടർ പ്രവർത്തനം | അധ്യാപകർ, കുട്ടികൾ |
| 3. അധ്യാപകർ കാലാനുസൃതമായി ചെയ്ത ചെറിയ ക്ലാസ്മുതലുള്ള തുടർ പഠനം സാധ്യമാക്കി കുട്ടികളിൽ അടിസ്ഥാനം ഉറപ്പിക്കുന്നു. | പഠനാസൂത്രണം, ചർച്ചകൾ ക്ലബ്ബ് പ്രവർത്തനങ്ങൾ<br>*Geometric pattern<br>*Number chart<br>*Quiz<br>*Puzzles<br>*Still models<br>*Other charts<br>*Games | ആഗസ്റ്റ് | അധ്യാപകർ |
| 4. ഗണിത വിഷയത്തിലെ കുട്ടികളുടെ മികച്ച സംഭാവനകൾ. | ഗണിത മാഗസിൻ, ക്ലബ്ബ് പ്രവർത്തനം, ഭാസ്കരാചാര്യ സെമിനാർ, രാമാനുജൻ പേപ്പർ പ്രസന്റേഷൻ | വർഷത്തിൽ ഒന്ന് (സെപ്റ്റംബർ) | അധ്യാപകർ, ക്ലബ്ബ് |
| 5. ഗണിത മത്സര വേദിയിലേക്ക് | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തൽ, മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | സെപ്റ്റംബർ | അധ്യാപകർ |
| 6. ഗണിത ലാബ് | 6. പഠനോപകരണ ശേഖരണം | ഒക്ടോബർ | അധ്യാപകർ, കുട്ടികൾ |

# ഇൻഫർമേഷൻ ടെക്നോളജി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1) സ്കൂൾ സംബന്ധമായ മുഴുവൻ വിവരങ്ങളും പൊതുസമൂഹത്തിലേക്ക് എത്തിക്കുന്നതിന് . | സ്കൂൾവിക്കി | വർഷം മുഴുവൻ | ലിറ്റിൽ കൈറ്റ്സ് അദ്ധ്യാപകർ,<br>ലിറ്റിൽ കൈറ്റ്സ് വിദ്യാർത്ഥികൾ,<br>ഐടി കോർഡിനേറ്റേഴ്സ് |
| 2) ഐടി മേഖലയിലെ പുതിയ സോഫ്ട്‌വെയറുകൾ പരിചയപ്പെടുന്നതിന്. | എക്സിബിഷൻ | ഓഗസ്റ്റ് | |
| 3) ഐടി മേഖലയിലെ ചതിക്കുഴികൾ തിരിച്ചറിയുന്നതിനും സുരക്ഷിതമായി കൈകാര്യം ചെയ്യുന്നതിനും. | സൈബർ സുരക്ഷാപ്രസന്റേഷൻ | സെപ്റ്റംബർ | |
| 4)അമ്മമാരിലേക്ക് സൈബർ വിവരങ്ങൾ എത്തിക്കുന്നതിന്. | അമ്മ അറിയാൻ | ഒക്ടോബർ | |

# ഫിസിക്കൽ എഡ്യുക്കേഷൻ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. ദൈനംദിന കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിലൂടെ മെച്ചപ്പെട്ട ആരോഗ്യം കൈവരിക്കാം എന്ന് മനസ്സിലാക്കുക. | കായിക പ്രവർത്തനത്തിൽ ഏർപ്പെടുന്നതിനു മുൻപ് വാമിംഗ് അപ് ചെയ്യിക്കുകയും കായിക പ്രവർത്തനങ്ങളുടെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുകയും ചെയ്യുന്നു. ഉദാഹരണം സ്ട്രെച്ചിങ് എക്സർസൈസുകൾ, ഫ്രീ ഹാൻഡ് സ്ട്രെച്ചിംഗ് എക്സർസൈസുകൾ, കൂളിംഗ് ഡൗൺ എക്സർസൈസുകൾ | ജൂൺ | കായിക അധ്യാപകർ |
| 2. തെരഞ്ഞെടുത്ത ഒന്നാമത്തെ ഗെയിമിന്റെ പഠനം (ബാസ്ക്കറ്റ്ബോൾ) | ബാസ്ക്കറ്റ്ബോൾ കളിയിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു അടിസ്ഥാന ഘടകമാണ് ഷൂട്ടിംഗ്. കളിയുടെ വിധി നിർണയിക്കുന്നത് പോയിന്റുകളാണ്. ഇതിനായി കുട്ടികളെ പ്രാപ്തരാക്കുന്നു. | ജൂലൈ | കായിക അധ്യാപകർ |
| 3. യോഗ പരിശീലനത്തിലൂടെ ശാരീരിക മാനസിക ക്ഷമത മെച്ചപ്പെടുത്തുന്നു. | താഡാസനം, സുഖാസനം, ഭുജംഗാസനം, മകരാസനം, നൗകാസനം, പശ്ചിമോത്ഥാസനം, ശവാസനം. | ഓഗസ്റ്റ് | കായിക അധ്യാപകർ |
| 4. കിഡ്സ് അത്‌ലറ്റിക്സ് ചെയ്യാൻ കുട്ടികളെ പ്രാപ്തരാക്കുന്നു. | കറങ്ങിയുള്ള ഏറ്, പിന്നിലേക്ക് എറിയൽ, ഷോർട്ട് റണ്ണപ്, ലോങ് ജംപിങ് മൂന്ന് ചാട്ടം, സിഗ് സാഗ് ആൻഡ് ഹർഡിൽ റിലേ, ഹോപ് ആൻഡ് പ്രിന്റ് റിലേ | സെപ്റ്റംബർ | കായിക അധ്യാപകർ |

| ഫിസിക്കൽ എഡ്യുക്കേഷൻ | | | |
| --- | --- | --- | --- |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
| 5. പ്രഥമ ശുശ്രൂഷ ചെയ്യേണ്ട രീതിയെ കുറിച്ച് കുട്ടികളെ ബോധവൽക്കരിക്കൽ | കളിക്കിടയിൽ കുട്ടികൾക്ക് സംഭവിക്കാവുന്ന അപകടങ്ങളെ തുടർന്ന് എന്തൊക്കെ പ്രഥമ ശുശ്രൂഷ നൽകാമെന്ന് പരിശീലിപ്പിക്കുന്നു. ഉദാ: നോസ് ബ്ലീഡിങ്, തലചുറ്റൽ, മുറിവ്, ചതവ്, പൊള്ളൽ | ഒക്ടോബർ | കായിക അധ്യാപകർ |
| 6. തെരഞ്ഞെടുത്ത രണ്ടാമത്തെ ഗെയിമിന്റെ പഠനം (ത്രോ ബോൾ) | കുട്ടികളെ ബോൾ കറക്കി എറിയാൻ പരിശീലിപ്പിക്കുന്നു. | നവംബർ | കായിക അധ്യാപകർ |
| 7. കായിക സുരക്ഷിതത്വം | കായിക പ്രവർത്തനങ്ങളിൽ ഏർപ്പെടുമ്പോൾ ഉപയോഗിക്കുന്ന സുരക്ഷാ ഉപകരണങ്ങളെ പറ്റി ധാരണ നൽകുന്നു. | ഡിസംബർ | കായിക അധ്യാപകർ |
| 8. തെരഞ്ഞെടുത്ത മൂന്നാമത്തെ ഗെയിമിന്റെ പഠനം (ഷട്ടിൽ ബാഡ് മിന്റൺ) | ഷട്ടിൽ ബാഡ്മിന്റൺ സർവീസ് കുട്ടികളെ പരിശീലിപ്പിക്കുന്നു. | ജനുവരി | കായിക അധ്യാപകർ |
| 9. പരിസ്ഥിതിയും സ്പോർട്സും | സമൂഹങ്ങൾ തമ്മിലുള്ള ബന്ധം ഒളിമ്പിക്സിന്റെ പ്രാധാന്യം ഗെയിംസിലും അത്‌ലറ്റിക്സിലുമുള്ള മത്സര തലങ്ങളെ കുറിച്ച് ബോധവൽക്കരിക്കുന്നു. | ഫെബ്രുവരി<br>മാർച്ച് | കായിക അധ്യാപകർ |

# കലാവിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ഭൗതികം | ചുമതല |
|---|---|---|---|---|
| 1) കലാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1. ഫ്രീ ഹാന്റ് ഡ്രോയിംഗ്<br>2. പ്രശസ്ത കുട്ടിചിത്രകാരന്മാർ വരച്ച ചിത്രങ്ങൾ<br>3. വിവിധ ചിത്രകാലാ മാധ്യമങ്ങളെ പരിചയപ്പെടൽ<br>4. സപ്തസ്വരങ്ങൾ, അഭ്യാസഗാനങ്ങൾ പരിശീലിപ്പിക്കൽ<br>5. സ്വരമാല നിർമ്മിക്കൽ<br>6. ശാസ്ത്രീയ സംഗീതം, അർദ്ധ ശാസ്ത്രീയ സംഗീതം എന്നിവ തിരിച്ചറിയൽ<br>7. തിരക്കഥ തയ്യാറാക്കൽ<br>8. വിവധ നൃത്തങ്ങളെ പരിചയപ്പെടൽ | 4 മാസം, (ജൂൺ, ജൂലൈ, ആഗസ്ത്, സെപ്തംബർ) | പുസ്തകങ്ങൾ, ചിത്രങ്ങൾ, ഐ. സി. ടി. | അധ്യാപകർ |
| 2) കുട്ടിയെ മികച്ച കലാസ്വാദകനാക്കുക | 1. ക്ലാസ്സിൽ കലാഭിരുചിയുള്ളവരുടെ ഗ്രൂപ്പ് രൂപീകരിക്കൽ<br>2. സ്ക്കൂൾ ഗാലറി നിർമ്മിക്കൽ<br>3. സമീപ ഗാലറി സന്ദർശനം<br>4. ദേശീയ - അന്തർദേശീയ കലാകാരരെ പരിചയപ്പെടൽ, അവരുടെ സൃഷ്ടികൾ കാണുക<br>5. കലാപുസ്തകങ്ങൾ, കലാചരിത്രം എന്നിവയുടെ വായനയും തുടർ ചർച്ചയും<br>6. മത്സര അനുഭവം<br>7. പ്രാദേശിക കലാകരരുമായുള്ള കൂടിക്കാഴ്ച<br>8. തനത് കലാരൂപങ്ങളെ കണ്ടെത്തൽ<br>9. ഹ്രസ്വചിത്രം നിർമ്മിക്കൽ | 5 മാസം (ഒക്ടോബർ, നവംബർ, ഡിസംബർ, ജനുവരി, ഫെബ്രുവരി) | ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, പത്രങ്ങൾ, ആനുകാലിക പ്രസിദ്ധീകരണങ്ങൾ, ഇന്റർനെറ്റ്, കമ്പ്യൂട്ടർ ക്യാമറ | അധ്യാപകർ |

# പ്രവർത്തി പരിചയം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| 1. സ്കൂളിലും വീട്ടിലും പച്ചക്കറി കൃഷി ചെയ്യുന്നതിനുള്ള പ്രാഥമിക അറിവുകളും പ്രോത്സാഹനവും നൽകുക. | ലഭ്യമായ വസ്തുക്കൾ ഉപയോഗിച്ച് ഗ്രോബാഗുകളുടെ നിർമ്മാണം കൃഷിക്ക് ആവശ്യമായ നടീൽ മിശ്രിതം തയ്യാറാക്കൽ. | ജൂൺ, ജൂലൈ, ആഗസ്റ്റ് | WE അധ്യാപിക |
| 2. പ്ലാസ്റ്റിക് കവറുകളുടെ അമിതമായ ഉപയോഗം കുറയ്ക്കുന്നതിനായി പേപ്പർ കാരി ബാഗ് നിർമ്മാണം. | പേപ്പർ ക്യാരിബാഗ് നിർമ്മാണം മലിനീകരണത്തിന് കാരണമായ പ്ലാസ്റ്റിക് കാരിബാഗ് ഒഴിവാക്കി പരിസ്ഥിതിക്കിണങ്ങിയ മറ്റു വസ്തുക്കൾ കൊണ്ടുള്ള ക്യാരിബാഗ് നിർമ്മാണം. | സെപ്റ്റംബർ, ഒക്ടോബർ | WE അധ്യാപിക |
| 3. പഠനത്തോടൊപ്പം തൊഴിൽ എന്ന ആശയത്തിൽ ഊന്നിക്കൊണ്ട് വസ്ത്ര നിർമ്മാണ പരിശീലനം. | 3. കുട്ടികളുടെ ലളിതമായ വസ്ത്രങ്ങൾ, അവയുടെ നിർമ്മാണരീതി, വസ്ത്രം തുന്നൽ എന്നീ മേഖലകളിൽ പ്രാവീണ്യം നേടാൻ കഴിയുന്നു. | നവംബർ, ഡിസംബർ | WE അധ്യാപിക |